**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 579 — 27.02.2018 -ൽ മറുപടിക്ക്

## അഡ്വഞ്ചർ ടൂറിസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അനൂപ് ജേക്കബ്<br>ശ്രീ. എ.പി. അനിൽകുമാർ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. എം. വിൻസെന്റ് | ശ്രീ. കടകംപളളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ മന്ത്രി) |
| എ) സംസ്ഥാനത്ത് അഡ്വഞ്ചർ ടൂറിസത്തിന്റെ സാധ്യതകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന് അനുയോജ്യമായ സ്ഥലങ്ങൾ ഏതെല്ലാം ജില്ലകളിൽ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) സംസ്ഥാനത്ത് അഡ്വഞ്ചർ ടൂറിസത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. വയനാട്, ഇടുക്കി, പാലക്കാട്, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ ചില കേന്ദ്രങ്ങൾ അഡ്വഞ്ചർ ടൂറിസത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഒട്ടാകെ 44 കേന്ദ്രങ്ങൾ ഇക്കോ-അഡ്വഞ്ചർ ടൂറിസം വികസനത്തിന് അനുയോജ്യമാണെന്ന് ടൂറിസം വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. |
| ബി) പ്രസ്തുത സ്ഥലങ്ങളിൽ അഡ്വഞ്ചർ ടൂറിസം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | ബി) മേൽപ്പറഞ്ഞവയിൽ വയനാട്, വാഗമൺ, തെന്മല, കൊല്ലം ജടായുപാറ എന്നിവിടങ്ങളിൽ അഡ്വഞ്ചർ ടൂറിസം പദ്ധതി നടന്നു വരുന്നു. കൂടാതെ ടൂറിസം വകുപ്പിന്റെ ധനസഹായത്തോടെ വനംവകുപ്പിന്റെ നേതൃത്വത്തിൽ മുത്തങ്ങ, സൈലന്റ് വാലി, പറമ്പിക്കുളം, പെരിയാർ, മൂന്നാർ, ഗവി, ശെന്തുരുണി, അഗസ്ത്യമല എന്നിവിടങ്ങളിൽ |

| | | | |
|---|---|---|---|
| | | | സാഹസിക ട്രെക്കിംഗ്, സഫാരി തുടങ്ങിയവ നടന്ന് വരുന്നു. |
| സി) | അഡ്വഞ്ചർ ടൂറിസം പ്രോത്സാഹിപ്പിക്കുക വഴി സംസ്ഥാനത്തേക്ക് വിദേശസഞ്ചാരികളെ കൂടുതലായി ആകർഷിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; | സി) | അഡ്വഞ്ചർ ടൂറിസം പ്രോൽസാഹിപ്പിക്കുക വഴി കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. |
| ഡി) | അഡ്വഞ്ചർ ടൂറിസം വികസിപ്പിക്കുന്നതിന് അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റികളുടെ പ്രവർത്തനം എപ്രകാരം സഹായകമാണെന്ന് അറിയിക്കുമോ? | ഡി) | നിലവിൽ ടൂറിസം വകുപ്പിന്റെ കീഴിൽ ഒരു അഡ്വഞ്ചർ ടൂറിസം സൊസൈറ്റി പ്രവർത്തിച്ച് വരുന്നു. വകുപ്പ് പ്രധാനപ്പെട്ട പല സാഹസിക വിനോദസഞ്ചാര പദ്ധതികളും അഡ്വഞ്ചർ ടൂറിസം സൊസൈറ്റി വഴിയാണ് നടപ്പാക്കി വരുന്നത്. സൊസൈറ്റിക്ക് ഒരു മുഴുവൻ സമയ സി.ഇ.ഒ യെ നിയമിച്ച് പ്രവർത്തനം ശക്തിപ്പെടുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.